**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5358** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഫയൽ മൂവ്മെന്റ് സംവിധാനത്തിലെ തട്ടുകൾ കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സെക്രട്ടേറിയറ്റിലെ ഫയൽ മൂവ്മെന്റ് സംവിധാനത്തിലെ തട്ടുകൾ കുറയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; | (എ) | നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ പതിമൂന്നാം റിപ്പോർട്ടായ സെക്രട്ടേറിയറ്റ് റിഫോംസിൽ വിവിധ തലങ്ങളിൽ ഫയൽ ചംക്രമണം ചെയ്യുന്നത് സംബന്ധിച്ച് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | കോവിഡ് കാരണം കെട്ടിക്കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഫയൽ അദാലത്തുകൾ നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമെടുക്കുവാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്നു മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിനചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് രോഗവ്യാപന പശ്ചാത്തലത്തിൽ ഓഫീസ് പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുണ്ടായിരുന്ന സാഹചര്യത്തിൽ വന്ന കുടിശ്ശിക ഫയലുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് ഫയൽ അദാലത്തുകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ആയത് സംബന്ധിച്ച പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ